LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കോഴിക്കോട് ജില്ലയിലെ പന്തീരങ്കാവ് ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ പരിശോധിക്കുകയുണ്ടായി. പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നടത്തിവരുന്ന വർക്ക് സ്റ്റഡി റിപ്പോർട്ട് ലഭിച്ച ശേഷം മാത്രമെ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

മലക്കപ്പാറയിൽ പോലീസ് സ്റ്റേഷൻ

218 (1962) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറയിൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

മലക്കപ്പാറയിൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം പണിയുന്നതിന് ഭൂമി കണ്ടെത്തി പോലീസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവി സ്വീകരിച്ചുവരുന്നു.

വടശ്ശേരിക്കരയിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ കാര്യാലയം

219 (1963) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടശ്ശേരിക്കരയിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ കാര്യാലയം നിർമ്മിക്കുന്നതിനായി എത്ര സെന്റ് ഭൂമിയാണ് വിട്ടുകിട്ടിയിട്ടുള്ളത് ; പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത് ; എന്തൊക്കെ സൗകര്യങ്ങളാണ് കെട്ടിടത്തിൽ ഉണ്ടാവുക ;

(സി) നിർമ്മാണപ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോ ; ആരാണ് നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത് ;

(ഡി) എത്ര നാളുകൾക്കകം പണി പൂർത്തീകരിക്കാനാണ് കരാർ വച്ചിട്ടുള്ളത് ; നിർമ്മാണത്തിന്റെ മേൽനോട്ടം നിർവ്വഹിക്കുന്നത് ആരാണ് ; വിശദാംശം ലഭ്യമാക്കുമോ ?